**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1726 — 25/03/2013 ൽ മറുപടിയ്ക്ക്

## താപവ്യതിയാനം മൂലമുണ്ടാകുന്ന അസുഖങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണത്തിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ബഹു. മുഖ്യമന്ത്രി |
| (എ) ഭൗമാന്തരീക്ഷത്തിന്റെ താപനില വർദ്ധിക്കുന്നതായുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യത്തെ പ്രസ്തുത വർദ്ധനവ് ബാധിക്കുന്നുണ്ടോയെന്നുള്ള പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ; | (ബി), (സി) & (ഡി) കാലാവസ്ഥാ വ്യതിയാനം കുറയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മപദ്ധതിയിൽ ഇതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം പൊതുജനാരോഗ്യ മേഖലയിൽ ഉണ്ടാക്കാവുന്ന പ്രശ്നങ്ങൾ സംസ്ഥാനതല കർമ്മ പദ്ധതിയിൽ സമഗ്രമായി പരിഗണിച്ച് ആവശ്യമായ തന്ത്രങ്ങളും കർമ്മ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ആരോഗ്യം ഉൾപ്പെടെ 10 മേഖലകളിൽ കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും ദോഷങ്ങളെക്കുറിച്ചും ആയത് ഫലപ്രദമായി നേരിടുന്നതിനുള്ള കർമ്മപരിപാടികളും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക അവബോധം ഉളവാക്കുക, രോഗങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുക, ഇതു സംബന്ധിച്ച് ആരോഗ്യ സ്ഥാപനങ്ങളിലെ അടിസ്ഥാന വികസന സൗകര്യങ്ങൾ ഏർപ്പെടുത്തുക, ജലസ്രോതസ്സുകളിലെ മലിനീകരണം തടയുക, തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ കർമ്മപദ്ധതിയുടെ രൂപരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം തേടാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) വരും ദിനങ്ങളിലുണ്ടാകാവുന്ന താപ വർദ്ധന ജന്തുജാലങ്ങളെയും പ്രത്യേകിച്ച് കുട്ടികളെയും ഏതൊക്കെ തരത്തിൽ ബാധിക്കുന്നുവെന്നതു സംബന്ധിച്ച പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | |
| (ഡി) അന്തരീക്ഷത്തിലെ താപവ്യതിയാനംമൂലം ജനങ്ങൾക്കുണ്ടാകാവുന്ന അസുഖങ്ങളെയും അസ്വസ്ഥതകളെയും കുറിച്ച് ബോധവൽക്കരണം നടത്താനും അതിനെതിരെ മുൻകരുതൽ നടപടികൾ സ്വീകരിക്കാനും നടപടി സ്വീകരിക്കുമോ; വിശദറിവരം നൽകുമോ? | |

സെക്ഷൻ ഓഫീസർ